**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2507** **12/02/2020-ൽ മറുപടിയ്ക്ക്**

## കേരള ബാങ്കിന്റെ ഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | റിസർവ് ബാങ്കിന്റെ പത്തൊൻപതിന നിർദ്ദേശങ്ങളിൽ കേരള ബാങ്കിന്റെ ഭരണം ബോർഡ് ഓഫ് മാനേജ്മെന്റിന് ആണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ അർബൺ സഹകരണ ബാങ്കുകളിൽ നടപ്പിലാക്കിയ മാതൃകയിൽ ബോർഡ് ഓഫ് മാനേജ്മെന്റ് കേരള ബാങ്കിനും ഉണ്ടാവണം എന്ന് RBI നിർദ്ദേശിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ഭരണസമിതിയ്ക്ക് കീഴെയായിരിക്കും ബോർഡ് ഓഫ് മാനേജ്മെന്റ്. |
| (ബി) | പ്രസ്തുത ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ഉത്തരവാദിത്തം എന്തെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) | നിക്ഷേപം, വായ്പ തുടങ്ങിയ ബാങ്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ആയത് സംബന്ധിച്ച് റിസർവ്വ് ബാങ്ക് ചട്ടങ്ങൾ പ്രകാരം ബാങ്ക് ഭരണസമിതിയെ ഉപദേശിക്കുക എന്നതാണ് ബോർഡ് ഓഫ് മാനേജ്മെന്റിന്റെ ചുമതല. |
| (സി) | റിസർവ് ബാങ്കിന്റെ ഈ നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ? | (സി) | കേരള സഹകരണ നിയമത്തിലും സംസ്ഥാന സഹകരണ ബാങ്കിന്റെ ബൈലോയിലും ഈ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**